## വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, അങ്ങേയ്ക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

## ശ്രീ. വി. ഡി. സതീശൻ പരാമർശിച്ച സർക്കാർ ഉത്തരവ് സംബന്ധിച്ച്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇന്നലെ ശ്രീ. വി. ഡി. സതീശൻ ഗവൺമെന്റ് ഉത്തരവ് കാണിച്ചുകൊണ്ട് തെറ്റിദ്ധാരണപരമായ ഒരു കാര്യം ഇവിടെ പറഞ്ഞു. സാധാരണ തോട്ടണ്ടി വാങ്ങുന്നത് സർക്കാർ അല്ല. കോർപ്പറേഷനും കാപ്പെക്സുമാണ്. ഗവൺമെന്റ് വില പ്രഖ്യാപിച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. അതെന്താണെന്ന് എനിക്ക് അപ്പോൾ മനസ്സിലായില്ല. ഗവൺമെന്റ് എന്താണ് ചെയ്തത്, കോർപ്പറേഷനും കാപ്പെക്സും എന്താണ് ചെയ്തത് എന്നുള്ള വിശദീകരണമാണ് നൽകിയത്. 22.7.2016-ൽ ഗവൺമെന്റ് ഇറക്കിയ ജി.ഒ. ആണ് അദ്ദേഹം വായിച്ചത്. ടെണ്ടറിൽ പങ്കെടുക്കാനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതാണ് ആ ഗവൺമെന്റ് ഓർഡർ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാഷ്യൂ ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് ടെണ്ടർ വിളിച്ചിട്ട് ആരും പങ്കെടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നിട്ടും രണ്ട് ടെണ്ടർ വിളിച്ചു. അതിലും ആരും പങ്കെടുക്കാത്തതുകൊണ്ട് ഇ-ടെണ്ടർ തന്നെ വേണമെന്ന സാഹചര്യത്തിൽ 25.06.2016-ൽ ഒരു ഉത്തരവ് ഇറക്കിയിരുന്നു. എന്നിട്ടും ആരും പങ്കെടുത്തില്ല. ടെണ്ടർ വ്യവസ്ഥ കുറച്ചുകൂടി ക്ലാരിഫൈ ചെയ്തുകൊണ്ട് 02.07.2016-ൽ വീണ്ടും ഒരു ജി.ഒ. ഇറക്കി. അതിൽ ഒരാൾ മാത്രം പങ്കെടുത്തു. ഇ-ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്താൽ അത് കൊടുക്കാൻ കഴിയില്ല. ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ എന്നുപറഞ്ഞുകൊണ്ട് അന്നത്തെ എം.ഡി.യായിരുന്ന, ഇപ്പോഴത്തെ കാസർഗോഡ് കളക്ടർ ശ്രീ. ജീവൻ ഗവൺമെന്റിന് ഒരു റിപ്പോർട്ട് തന്നു. മെസ്സേഴ്സ് എക്സൽ സയന്റിഫിക് കമ്പനി ആണ് ഒരു ടെണ്ടർ ക്വാട്ട് ചെയ്തിട്ടുള്ളത്. അത് ഐവറി കോസ്റ്റ്, ആഗോള ടെണ്ടർ ആയതുകൊണ്ട് യു.എസ്.ഡി. റേറ്റിലാണ് വരുന്നത്. 1689 മെടിക് ടൺ 47 ഔട്ട്ടേൺ. അന്നത്തെ പ്രൈസിൽ ഇങ്ങനെ ക്വാട്ട് ചെയ്യുമ്പോൾ അതിന് 1500-ൽ താഴെ വരുന്നുള്ളൂ. അതിനകത്ത് ഒരു ടെണ്ടർ മാത്രമെയുള്ളൂ. രണ്ട് വലിയ പ്രൈസ്. അതുകൊണ്ട് വാങ്ങാൻ കഴിയില്ല. അതുകൊണ്ട് ലോക്കൽ പർച്ചേസിന് അനുമതി കൊടുക്കണമെന്ന് പറഞ്ഞ് എഴുതിയ ഒരു കത്തിന്റെ ഭാഗമാണ് അദ്ദേഹം ഗവൺമെന്റ് ജി.ഒ. ആണെന്നുപറഞ്ഞ് ഇവിടെ

പറഞ്ഞത്. അദ്ദേഹത്തെ ആരോ നല്ലതുപോലെ കുപ്പിയിലിറക്കി തെറ്റിദ്ധരിപ്പിച്ചതാണെന്നാണ് എനിക്ക് തോന്നുന്നത്. അല്ലെങ്കിൽ അദ്ദേഹം അങ്ങനെ പറയേണ്ട കാര്യമില്ല. ഇതിനെ ക്വാട്ട് ചെയ്തിട്ടാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ലോക്കൽ പർച്ചേസ് ആകാമെന്ന് പറഞ്ഞുകൊണ്ട് ഞങ്ങൾ 22.07.2016-ൽ ഉത്തരവിറക്കുകയും ലോക്കൽ പർച്ചേസ് ആകുമ്പോൾ എങ്ങനെവേണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 01.08.2016-ൽ വീണ്ടും ജി.ഒ. ഇറക്കി. ഈ ഗവൺമെന്റ് വന്നിട്ട് നാല് ജി.ഒ. ഇറക്കിയതിനുശേഷമാണ് തോട്ടണ്ടി കിട്ടുന്നത്. 01.08.2016-ലെ ജി.ഒ. യിൽ കൃത്യമായ പതിനൊന്ന് വ്യവസ്ഥകൾ പറഞ്ഞു. ആ പതിനൊന്ന് വ്യവസ്ഥയിൽ ഒന്നാണ് " The bidder has to upload the certificate of origin or a self certified declaration to prove origin of raw nuts. The bidder will be responsible to supply same material" . ഇംപോർട്ട് ചെയ്യുമ്പോൾ ഇംപോർട്ട് ചെയ്യുന്ന രാജ്യത്തിന്റെ സർട്ടിഫിക്കറ്റ് അതിൽ വരും. ലോക്കൽ പർച്ചേസിൽ വാങ്ങുമ്പോൾ ഏത് രാജ്യത്തെ കശുവണ്ടിയാണെന്ന് തരുന്ന ആൾ ഉറപ്പ് പറയണം. പറയുന്ന രാജ്യത്തെ കശുവണ്ടി അല്ലാതെ വേറെ ഏതെങ്കിലും കൊണ്ടുവന്നാൽ വിലയിൽ മാറ്റം വരും. അതുകൊണ്ടാണ് ഏത് രാജ്യത്തേതാണെന്ന certificate of origin വേണമെന്ന് പറഞ്ഞത്. ഐവറി

കോസ്റ്റിൽ നിന്നാണ് വരുന്നത് അല്ലെങ്കിൽ ഗിനി ബിസോയിൽ നിന്നാണ് വരുന്നത് എന്ന origin പറയണമെന്ന വ്യവസ്ഥ വച്ചത്. അതിന്റെ ക്വാളിറ്റി അഷ്വർ ചെയ്യാൻവേണ്ടി അതിൽത്തന്നെ വീണ്ടും പറയുന്നുണ്ട്, " The quality conditions will be same as at present and its penalties will be applied........."

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി പ്രസംഗമാണ് നടത്തുന്നത്. അതുകൊണ്ട് ശ്രീ. വി. ഡി. സതീശനും സംസാരിക്കാൻ അവസരം കൊടുക്കണം.

മി. സ്പീക്കർ: അദ്ദേഹം എഴുതിത്തന്നാൽ അവസരം കൊടുക്കാം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രതിപക്ഷ നേതാവേ ഒന്ന് സഹകരിക്കു. ഞാൻ പ്രസംഗിക്കുകയല്ല. വസ്തുതകൾ മാത്രമാണ് പറയുന്നത്. പ്രതിപക്ഷ നേതാവ് അസ്വസ്ഥനാകരുത്. ഞാൻ വസ്തുതകൾ മാത്രമെ പറയുന്നുള്ളൂ. ഒരു വാക്കുപോലും വേറെ പറയുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ശ്രീ. വി. ഡി. സതീശൻ എഴുതിത്തന്നാൽ അദ്ദേഹത്തിന് അവസരം കൊടുക്കാം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വസ്തുത അറിയാതെ പ്രതിപക്ഷ നേതാവും ഇന്നലെ അന്വേഷണം ആവശ്യപ്പെട്ടതാണ്. അതുകൊണ്ട് അങ്ങ് സഹകരിക്കണം.

സഭയിൽ ഉത്തരവാദിത്വമുള്ളവരല്ലേ ഇരിക്കുന്നത്. വസ്തുത മനസ്സിലാകണ്ടേ. തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ കാര്യങ്ങൾ പോകാൻ പാടുണ്ടോ?

അതേ വ്യവസ്ഥയിൽ പറയുന്നുണ്ട്, " The surveyor for quantity certification and quality test for the procurement under this Government Order will be RBS Maritime Agencies, considering their credibility and good track record" . ആർ.ബി.എസ്.-നെക്കൊണ്ട് മാത്രമെ ഈ പറയുന്ന ക്വാളിറ്റി അഷ്വർ ചെയ്യിക്കാൻ പാടുള്ളൂ എന്ന് അതേ ഉത്തരവിന്റെ താഴെ പറയുന്നുണ്ട്. ഒറിജിൻ പറഞ്ഞതിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, ക്വാളിറ്റി ടെസ്റ്റ് എന്ന് പറഞ്ഞാൽ ഒറിജിൻ ആണെന്നും ആർ.ബി.എസ്. എന്ന് പറയുന്നതിനെ മറച്ചുവച്ചും തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിൽ അദ്ദേഹം പറയാനിടയായത് എനിക്ക് തോന്നുന്നു അദ്ദേഹത്തിന്റെ കൂടെതന്നെ ആരോ അദ്ദേഹത്തെ കുപ്പിയിൽ ഇറക്കാനുണ്ട് എന്നാണ്. അതുകൊണ്ടാണ് ഇതുപോലെ തെറ്റിദ്ധാരണ പരത്തുന്ന വർത്തമാനം ഇവിടെ പറയാനിടയായത്. അക്കാര്യമാണ് ഞാൻ ക്ലാരിഫൈ ചെയ്യുന്നത്. ഈ ഗവൺമെന്റ് ചെയ്തതെല്ലാം സുതാര്യമായിട്ടാണ്. ഡോളർ റേറ്റിൽ ഗവൺമെന്റിന് കച്ചവടം ചെയ്യേണ്ട കാര്യമില്ല. കോർപ്പറേഷനും കാപ്പക്സുമാണ് അത് ചെയ്യേണ്ടത്. അവർ ചെയ്തത് എന്താണെന്ന് ഇന്നലെ ഞാൻ വിശദീകരിച്ചതുകൊണ്ട്

അതിലേയ്ക്ക് കടക്കുന്നില്ല. ജി.ഒ. ആണെന്നുംപറഞ്ഞ് ഒന്നെടുത്ത് രണ്ട് കയ്യും ഉയർത്തി കാണിച്ച് ആളെ പറ്റിക്കുന്ന പണിയുംകൊണ്ട് വന്നതുകൊണ്ട് ക്ലാരിറ്റിക്ക് വേണ്ടി ഞാനിത് പറഞ്ഞുവെന്നേയുള്ളൂ.